പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1968 08-03-2018-ൽ മറുപടിക്ക്

## ചെക്ക് പോസ്റ്റുകളിൽ അനധികൃത കടത്ത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന അതിർത്തികളിലെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ നികുതി വകുപ്പിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി.ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ഒരു പരിധി വരെ ചെക്ക്പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. ചെക്ക്പോസ്റ്റിന്റെ അഭാവത്തിൽ കള്ളക്കടത്ത് തടയുന്നതിനുവേണ്ടി ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ചെക്ക് പോസ്റ്റുകളിൽ വാണിജ്യ നികുതി വകുപ്പിന്റെ പരിശോധന ഇല്ലാത്തതിനാൽ വൻതോതിൽ അനധികൃത കടത്ത് നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ